**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1859** **04-02-2026 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. മൊബൈൽ അപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി ഡിപ്പോകളുടെ ഡിപ്പോ കോഡ്, കോഡ് നമ്പരുകൾ, ഫോൺ നമ്പരുകൾ, ഒരു സർവ്വീസിലെ ക്രൂവിന്റെ ഫോൺ നമ്പരുകൾ മുതലായ വിവരങ്ങൾ എന്റെ കെ.എസ്.ആർ.ടി.സി നിയോ-ഒ.പി.ആർ.എസ്, ചലോ എന്നീ മൊബൈൽ ആപ്പുകളിലും കെ.എസ്.ആർ.ടി.സി വെബ് സൈറ്റിലും സെർച്ച് ചെയ്ത് കണ്ടുപിടിക്കാവുന്ന വിധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിവരങ്ങൾ ലഭ്യമാകുന്ന മെനു ഓപ്ഷനുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br><br>കെ.എസ്.ആർ.ടി.സി.യുടെ ഔദ്യോഗിക വെബ് സൈറ്റായ www.keralartc.com-ൽ 'മോർ' എന്ന മെനുവിൽ യൂണിറ്റ് ഓഫീസേഴ്സ് എന്ന ഓപ്ഷനിൽ ഫോൺ നമ്പറുകളും പ്രസ്തുത ഡിപ്പോകളുടെ ഇ-മെയിൽ ഐ.ഡി.യും ഉൾപ്പെടെയുള്ള വിവരങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ ഔദ്യോഗിക ബുക്കിംഗ് വെബ് സൈറ്റിലും കെ.എസ്.ആർ.ടി.സി. നിയോ-ഓ.പി.ആർ.എസ്. ആപ്പിലും യൂണിറ്റുകളുടെ ഫോൺ നമ്പറുകൾ നൽകിയിട്ടുണ്ട്. യാത്രക്കാർക്ക് യാത്രാവേളയിൽ പ്രിന്റ് ചെയ്തു നൽകേണ്ടുന്ന ടിക്കറ്റുകളിലും യൂണിറ്റുകളുടെ ഡിപ്പോ കോഡ് രേഖപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ റിസർവേഷൻ ടിക്കറ്റ് ബുക്ക് ചെയ്ത് യാത്രക്കാരന് പ്രസ്തുത സർവീസിലെ ക്രൂവിന്റെ ഫോൺ നമ്പറുകൾ ബസ് പുറപ്പെടുന്നതിന് അര മണിക്കൂർ മുമ്പ് എസ്.എം.എസ്., വാട്സ്ആപ്പ് മുഖേന ലഭിക്കുന്നതാണ്. |
| (ബി) | പൊതുജനങ്ങൾക്ക് പ്രസ്തുത വിവരങ്ങൾ എപ്രകാരമാണ് ലഭ്യമാകുന്നതെന്ന് വിശദമാക്കുമോ? | (ബി) | ഉണ്ട്.<br><br>കെ.എസ്.ആർ.ടി.സി.യുടെ ഔദ്യോഗിക വെബ് സൈറ്റായ www.keralartc.com-ൽ 'മോർ' എന്ന മെനുവിൽ യൂണിറ്റ് ഓഫീസേഴ്സ് എന്ന ഓപ്ഷനിൽ ഫോൺ നമ്പറുകളും പ്രസ്തുത ഡിപ്പോകളുടെ ഇ-മെയിൽ ഐ.ഡി.യും ഉൾപ്പെടെയുള്ള വിവരങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ ഔദ്യോഗിക ബുക്കിംഗ് വെബ് സൈറ്റിലും കെ.എസ്.ആർ.ടി.സി. നിയോ-ഓ.പി.ആർ.എസ്. ആപ്പിലും യൂണിറ്റുകളുടെ ഫോൺ നമ്പറുകൾ നൽകിയിട്ടുണ്ട്. യാത്രക്കാർക്ക് യാത്രാവേളയിൽ പ്രിന്റ് ചെയ്തു നൽകേണ്ടുന്ന ടിക്കറ്റുകളിലും യൂണിറ്റുകളുടെ ഡിപ്പോ കോഡ് രേഖപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ |

| | | | |
|---|---|---|---|
| | | | റിസർവേഷൻ ടിക്കറ്റ് ബുക്ക് ചെയ്ത് യാത്രക്കാരന് പ്രസ്തുത സർവീസിലെ ക്രൂവിന്റെ ഫോൺ നമ്പറുകൾ ബസ് പുറപ്പെടുന്നതിന് അര മണിക്കൂർ മുമ്പ് എസ്.എം.എസ്., വാട്സ്ആപ്പ് മുഖേന ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ